# എസ് എൻ ഡി പി വൈ എച്ച് എസ് എസ് നീരാവിൽ

മ
ഴ
വി
ല്ല്

2024

റവന്യു ജില്ല ; കൊല്ലം

വിദ്യാഭ്യാസ ജില്ല ; കൊല്ലം

ഉപജില്ല ; കൊല്ലം

പ്രധാന അധ്യാപിക ; ജെ. മായ

പി. റ്റി. എ. പ്രസിഡന്റ്; ഹുസൈൻ

എം. പി. റ്റി. എ പ്രസിഡന്റ്;

# ഉള്ളടക്കം

1. പ്രധാന അധ്യാപിക
2. ഭൂമിയുടെ രക്ഷകർ
3. ജീവിതയാത്ര
4. ഹൃദയം
5. ഋതു
6. ജവഹർലാൽ നെഹ്രു
7. തൃക്കടവൂർ ശിവരാജു
8. സംസ്കൃതി; പുരാവസ്തു  പ്രദർശനം
9. GIFTED CHILDREN

# പ്രധാന അധ്യാപിക



# ഭൂമിയുടെ രക്ഷകർ

ഭൂമിയിൽ മനുഷ്യവർഗ്ഗം ഉണ്ടായപ്പോൾ മനുഷ്യരുടെ പലശക്തികൾ വളർന്നു.മനുഷ്യർ അതിനെ സ്നേഹിച്ചു അത് തിരിച്ചും സ്നേഹിച്ചു.അവർ ഒന്നായി അവർ ഭൂമിയെ സ്നേഹിച്ചു ഭൂമി അവരെയും സ്നേഹിച്ചു.ആ മൂന്നുപേർ മനുഷ്യജന്മത്തിൻറെ രക്ഷകരായിമാറി ഭൂമിയുടെ മക്കളായി മാറി അവർ എന്തൊരു അപകടം എത്തുമ്പോഴും ചോല്ലുന്ന ഒരു മന്ത്രം ഉണ്ടായിരുന്നു. "ഭൂമിയുടെ മക്കളാണ് ഞങ്ങൾ വെള്ളത്തിൻറെ,വായുവിൻറെ, അഗ്നിയുടെയും സുഹൃത്താണ് ഞങ്ങൾ". ഭൂമിയിൽ തിന്മ പടർന്നു അവർ ഭൂമിയെ വെല്ലുവിളിച്ചു .അവർക്ക് അത് സഹിക്കാൻ പറ്റിയിരുന്നില്ല അവർ പോരാടി.തിന്മശക്തികൾ അഗ്നിയെ സ്വന്തമാക്കി ഭൂമിയെ അത് വളരെ ബാധിച്ചു .നന്മയുടെ ശക്തി കുറഞ്ഞു .അപ്പോൾ അവരെ സഹായിക്കാൻ രണ്ട്പേർ കൂടി വന്നു പ്രകൃതിയും,വിശ്വാസവും.അങ്ങനെ അവർ അഗ്നിയെ തിരികെ കൊണ്ടുവന്നു.തിന്മയുടെ ശക്തി കുറഞ്ഞു.ഭൂമിയിൽ ശാന്തിയും സമാധാനവും പടർന്നു.ശക്തികൾ വരുന്ന തലമുറക്ക് ഭീഷണിയാണ് എന്ന് മനസ്സിലാക്കി.അവർ ശക്തികളെ ഉറക്കി.പക്ഷെ ഇപ്പോഴും എവിടെയോ ആ ശക്തികൾ ഉണ്ട്. അവർ ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കാൻ ശ്രമിക്കുന്നു.പണ്ടുത്തൊട്ടെ അവിടെ കാവൽ ഇരിക്കുന്ന ഒരാൾ ഉണ്ടായിരുന്നു. അവനാണ് പ്രകൃതി അവൻ എപ്പോഴും പറയാറുണ്ട് നിങ്ങൾ എത്ര ശ്രമിച്ചാലും നിങ്ങൾക്ക് എഴുന്നേൽക്കാൻ കഴിയില്ല അവർ വരണം ആ മൂന്നുപേർ വരണം.അവർ നിങ്ങളെ അന്വേക്ഷിക്കുകയാണ്. ആ കൂട്ടുകാർ കോച്ചിലെ തൊട്ട്

ഒന്നായവർ ഒന്നര വയസുള്ളപ്പോഴെ അനാഥരായവർ ഒരിക്കലും പിരിയാത്തവർ.അവർ ഇപ്പോൾ ഒരു യാത്രയിയാണ്.അവർക്ക് ഒരു വിശ്വാസം ഉണ്ട് കോച്ചിലെ തൊട്ട് ഈ ലോകം എന്തോകൊണ്ട് മൂടപ്പെട്ടതാണ് . അവർ ഇപ്പോൾ ഒരു കാര്യത്തെ അന്വേക്ഷിക്കുകയാണ് .ഹിമാലയത്തിൻറെ ഇത്തിരി അകലെയായി ഒരു പച്ചപ്പ് നിറഞ്ഞ മലയിൽ അവർ ഇപ്പോൾ അതിനെ ലക്ഷ്യമാക്കി പോകുകയാണ് .ആ മലയിൽ ഒരു ഗുഹയുണ്ട്. അവിടെ സൂര്യനുദിക്കുമ്പോൾ ആദ്യത്തെ വെളിച്ചം പതിക്കുന്നത് ആ ഗുഹയിലാണ് .പയ്യെ പയ്യെ രാത്രിയായി. അവരുടെ ദൂരെയായി ഒരു പരന്ന സ്ഥലം കണ്ടു.അവർ അവിടെ ആ രാത്രി തങ്ങി.രാത്രിയിൽ പല മൃഗങ്ങളുടെയും ശബ്ദം കേട്ടു പയ്യെ നേരം വെളുത്തു. അവരുടെ നേരെയുള്ള കുന്നിൽ ആദ്യത്തെ സൂര്യപ്രകാശം പതിച്ചു.അതെ അവർ നിൽകുന്നത് ആ കുന്നിൻറെ അരികിലാണ്.അപ്പോഴാണ് അതിൽ നിന്നൊരു പ്രകാശം പുറത്തേക്ക് വന്നത് .അത് അവരെ അതിലേക്ക് ആകർഷിച്ചു. അവരുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു .അവർ അതിലേക്ക് യാത്ര തിരിച്ചു.അവർ അതിൻറെ അടുത്ത് എത്തിയപ്പോഴേക്കു സൂര്യൻറെ വെളിച്ചം മങ്ങിത്തുടങ്ങിരുന്നു.അവർ ആ ഗുഹയിലേക്ക് കാലുകുത്തിയപ്പോൾ അവർ മനസ്സിൽ കണ്ടു . ആ ഗുഹയിൽ ഒരു ചെറിയ മരം ഉണ്ട്.ആ മരത്തിൽ മൂന്ന് കൈപാടുണ്ട് എന്നും മനസ്സിലാക്കി.പെട്ടെന്നു അവരുടെ മുന്നിൽ ഒരു പൈയ്യനെ കണ്ടു അവനെ കാണാൻ നല്ല ഭംഗി ഉണ്ടായിരുന്നു.അവനിട്ടിരുന്ന ഉടുപ്പ് കാട്ടിലെ ഇലകൾ കൊണ്ടുണ്ടാകിയതായിരുന്നു . അവൻ അവരോട് കുന്നിൽ എല്ലാം സത്യമാണ് എന്ന് പറഞ്ഞുകൊണ്ട് വേഗം ഗുഹയിലെക്ക് കയറിപ്പോയി.അവർ

അവൻറെ പിറകെ ഓടി.അവർ എത്തിചെന്നത് ആ ചെറിയ മരത്തിൻറെ മുന്നിലാണ് അതിൽ മൂന്ന് കൈപാടുണ്ടായിരുന്നു.അവർ അതിൽ കൈവച്ചതും അവർ പിന്നെയും കുറെ കാര്യങ്ങൾ കണ്ടു.  കണ്ണ് തുറന്നപ്പോൾ അവർ അവരുടെ റ്റെൻറിൽ ആണ്.അവർ പുറത്ത് ഇറങ്ങിയപ്പോൾ സൂര്യപ്രകാശം അവരുടെ മേൽ പതിച്ചു.അപ്പോൾ അവരുടെ കൈയ്യിൽ വെള്ളത്തിൻറെയും,വായുവിൻ റെയും,അഗ്നിയുടെയും പാട് ഉണ്ടായിരുന്നു.അവരുടെ മുന്നിലേക്ക് ആ കുട്ടി പിന്നെയും വന്നു. അവരോടായി പറഞ്ഞു "ഭൂമിയുടെ മക്കളാണ് നിങ്ങൾ ,ഭൂമിയുടെ രക്ഷകരാണ് നിങ്ങൾ



വായനകുറിപ്പ്

# എൻ്റെ ജീവിതയാത്ര

എൻ്റെ ജീവിതയാത്ര എന്ന കഥ വായിച്ചുനോക്കിയപ്പോൾ എനിക്ക് പ്രചോദനമായത് നിത്യചൈതന്യയതിയുടെ ജീവിതമാണ്.

യതി ഒരു തത്ത്വചിന്തകനും, എഴുത്തുകാരനും ആണ്.

യതിയുടെ രണ്ട് ടാക്സിക്കാർ എന്ന കഥ ഞാൻ വായിച്ചിട്ടുണ്ട്.

യതിയുടെ പിതാവിനെ കുറിച്ചുളള ഒരു പാഠഭാഗം ഈ പുസ്തകത്തിൽ ഉണ്ട്.  കുട്ടിക്കാലം മുതൽ ഈ നിമിഷം വരെ ജീവിതത്തിൽ ഉണ്ടായ കാര്യം ഈ കഥയിലൂടെ കഥാകാരൻ വിവരിക്കുന്നു.    പിതാവിനെ ഇഷ്ട്ടപ്പെടുന്ന മകന് എന്നീ പാഠഭാഗം ഈ പുസ്തകത്തി്ൽ പ്രധാനപ്പെട്ടതാണ്. ഈ പുസ്തകത്തിലൂടെ ഒരു നല്ല തലമുറയെ നിർമ്മിക്കാൻ സാധിക്കും. ഇതൊക്കെയാണ് ഞാൻ ഈ പുസ്തകം വായിച്ചുനോക്കിയതിൽ നിന്നും മനസിലായത്.

നന്ദി

# ഹൃദയം

ഹൃദയമാകുന്ന ജീവനെ നിന്നിൽ മാത്രം ഞാൻ,



നിൻറെ  തുടുപ്പിൽ സംതൃപ്തയാകുന്നു...
സ്നേഹത്താൽ പ്രണയമാകുന്ന –
നിന്നിൽ ഞാൻ അലിഞ്ഞു ചേരുന്നു,
നിൻറെ തുടുപ്പിൽ ഞാൻ നിലകൊള്ളുന്നു...
കാലമാകുന്ന ലോകത്തിൽ ഞാൻ നിലകൊള്ളുമോ...
ഹൃദയമാകുന്ന ജീവനിൽ ഞാൻ നിന്നെ തേടുന്നു,
മനുഷ്യനെ എന്നെ നീ മനസ്സിലാക്കുന്നില്ലല്ലോ...

**ഇന്ദുജ**
10A

# ഋതു

ഒന്ന് കാണാൻ കൊതിക്കുന്നു ആ മഴ
ഈ നീറി കഴിയുന്ന ആ ചൂട് മാറുന്നില്ല
ഒന്ന് കേൾക്കാൻ കൊതിക്കുന്നു ആ ശബ്ദം
ഈ തീരാ മഴ മാറുന്നില്ല
ഒന്ന് തൊടാൻ കൊതിക്കുന്നു ആ പൂവ്
ഈ തീരാമഞ്ഞ്  മാറുന്നില്ല

ഏ......ഋതുവേ എന്തിന്   നീ
ഇങ്ങനെ....................

ഇന്ദുജ
10A

# ജവഹർലാൽ നെഹ്റു [1889–1964]

അലഹാബാദിൽ 1889 നവംബർ 14 ന ജനിച്ചു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി. 15–ാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലെക്കു പോയി. 1912 –ൽ ഇന്ത്യയിൽ തിരിച്ചെത്തി. സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നൽകി. പല പ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു. ഇന്ത്യയെ കണ്ടെത്തൽ , ഒരച്ചരൻ മകൾക്ക് അയച്ച കത്തുകൾ തുടങ്ങിയവ പ്രധാന കൃതികൾ.



# തൃക്കടവൂർ ശിവരാജു

1973– ലാണ്  ശിവരാജുവിൻെറ ജനനമെന്ന് കരുതപ്പെടുന്നു .  ഏകദേശം അഞ്ചു

വയസ്സിലാണ് കോന്നി റേഞ്ചിലേ അട്ടത്തോട് ഭാഗത്തെ ഒരു വാരിക്കുഴിയിൽനിന്നുമാണ്

ശിവരാജുവിനെ ലഭിച്ചത്  .

പിന്നീട് കോന്നി ആനക്കൂട്ടിൽനിന്നും ശിവരാജു തൃക്കടവൂർ മഹാദേവ ക്ഷേത്രത്തിലെത്തി

2023–ൽ തിരവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ക്ഷേത്രങ്ങളിലെ ആനകളിൽ

ഏറ്റവും തലയെടുപ്പുള്ള ലക്ഷണമൊത്ത ആനയായ് തിരഞ്ഞെടുക്കപ്പെട്ട ആനയാണ്

ശിവരാജു. കൊല്ലം ജില്ലയിലെ തൃക്കടവൂർ ക്ഷേത്രത്തിലെ ആനയാണ് ശിവരാജു .

ശിവരാജുവിന് , ഗജരാജരത്ന പട്ടം നൽകി ദേവസ്വം ബോർഡ് ആദരിക്കുകയും  ചെയ്തു .

# സംസ്കൃതി; പുരാവസ്തു പ്രദർശനം











# GIFTED CHILDREN



നന്ദി